# പതിമൂന്നാം കേരള നിയമസഭ

# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **17-06-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 2205**

## 'എമർജിംഗ് കേരള' മുഖാന്തിരം ആരംഭിച്ച പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| **(എ)** | 'എമർജിംഗ് കേരള' മുഖാന്തിരം എത്ര പദ്ധതികൾക്കാണ് സർക്കാർ അംഗീകാരം നൽകിയിട്ടുള്ളതെന്നും ഇവ എവിടെയൊക്കെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | **(എ) & (ബി)** | എമർജിംഗ് കേരളയിൽ ലഭിച്ച 177 പദ്ധതികളിൽ, വ്യവസായ വകുപ്പിനു കീഴിൽ ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന 19 പദ്ധതികളുടെ മുതൽ മുടക്ക്, ആരംഭിക്കുന്ന സ്ഥലം എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| **(ബി)** | ഓരോ പദ്ധതികളുടേയും ഇൻവെസ്റ്റ്മെന്റിനെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | | |
| **(സി)** | 'എമർജിംഗ് കേരള'യിലൂടെ ഇതു വരെ ആരംഭിക്കാൻ കഴിഞ്ഞ പദ്ധതികളും വ്യവസായങ്ങളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ? | **(സി)** | 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി ലഭിച്ച 177 പദ്ധതി നിർദ്ദേശങ്ങളിൽ വ്യവസായ വകുപ്പിനു കീഴിൽ വന്ന 19പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>കേളചന്ദ്ര പോളിമേഴ്സിന്റെ എച്ച്.ഡി.പി. സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ട്രയൽ ഉൽപാദനം ആരംഭിച്ചു. 12000 കോടി രൂപയുടെ ബി.പി.സി.എല്ലിന്റെ കൊച്ചിൻ റിഫൈനറിയുടെ വികസന പദ്ധതി 2013 ജനുവരിയിൽ ബഹു. പ്രധാനമന്ത്രി ശിലാസ്ഥാപനം ചെയ്യുകയുണ്ടായി. 6000 കോടി രൂപ മുതൽമുടക്കു വരുന്ന പദ്ധതിയായ പെട്രോകെമിക്കൽ പാർക്ക് കൊച്ചിയിൽ സ്ഥാപിയ്ക്കുന്നതിനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. |

ഏ.കെ. ഗ്രൂപ്പിന്റെ എറണാകുളത്ത് സ്ഥാപിക്കുന്ന 200 കോടി രൂപ മുതൽമുടക്കുള്ള ബയോനൂട്ര പാർക്കി (വിവിധ ഘട്ടം) ന്റെ ഒന്നും രണ്ടും ഘട്ടത്തിന്റെ പ്രവർത്തനം ആരംഭിച്ചു.

ഭക്ഷ്യ സംസ്ക്കരണം, ബയോ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം മുതലായ പദ്ധതികളുടെ തുടർനടപടികൾ പൂർത്തിയായി വരുന്നു.

ടൂറിസം വകുപ്പിന് കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉൽഘാടനം നിർവ്വഹിച്ചു കഴിഞ്ഞു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു.

ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സിന്റെ ഉത്ഘാടനം 2014 ജനുവരി 24 ന് നിർവ്വഹിച്ചു.

കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോ മോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.

കളമശ്ശേരി ഗവ: പോളിടെക്നിക്കിൽ Bosch ന്റെ Centre of Excellence in Automation Technology Course ന്റെ ഉദ്ഘാടനം 11/02/2014 ൽ നിർവ്വഹിച്ചു.

ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക്ക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ. മറ്റു പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസ് പഠനം,

വിശദമായ പ്രോജക്ക് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

M/s. Gateway Distriparks Kerala Limited ന്റെ 50 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പദ്ധതിയുടെ പ്രവർത്തനം 2013 ഫെബ്രുവരി 12 ൽ ആരംഭിച്ചു. ഈ പദ്ധതിക്ക് കെ.എസ്.ഐ.ഡി.സി. 18 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

ഭരണാനുമതി.

## Emerging Kerala 2012 - Projects in progress under Industries Dept.

| Sl.No. | PROJECT | Company/ Promoter | Location | Indicative Cost (Rs. Crores) |
|---|---|---|---|---|
| 1 | Kochi Refinery Expansion Project | BPCL | Kochi Refinery | 12000.00 |
| 2 | Petrochemical JV Projects of BPCL | JV with suitable partner (in talks with Manali Petrochemicals, Chennai) | Ambalamugal, Kochi | 6000.00 |
| 3 | Poly Iso Butylene (PIB) Project | Kothari Petrochemicals, Chennai | Ambalamugal, Kochi | 100.00 |
| 4 | Cumene Plant | Deepak Nitrite Ltd.,(DNL) Vadodara | Kochi | 220.00 |
| 5 | EPDM Rubber Project | Duncan Goenka Group | Kochi | 600.00 |
| 6 | Eco-friendly Gypsum based new generation building material manufacturing unit | Ajith Carbons & Pigments Ltd (Jass Blocks & Coatings Ltd) | Edayar, Kochi | 16.00 |
| 7 | Nano Biotech Special Economic Zone & Knowledge City | Pushpagiri Group of Institutions | Thiruvalla | 1000.00 |
| 8 | Mini Food Park (Bio Nutra Park) | Akay Flavours Group | Perumbavoor, Kochi | 200.00 |
| 9 | Milk Processing Plant | Muralya Diary Product | Kattakkada, Trivandrum | 42.00 |
| 10 | Bio Medical Devices Hub | Terumo Penpol, SCTIMST & HLL Lifecare Ltd | Life Science Park,TVM | 400.00 |
| 11 | Bio Similar Drug Manufacturing unit | Mir Group | Life Science Park,TVM | 130.00 |
| 12 | HDPE Storage Tank manufacturing unit | Kelachandra Group | Kottayam | 9.00 |
| 13 | Pre-stressed & Pre-fabricated Housing Component | E-Cube Structural Combines | Palakkad | 25.00 |
| 14 | Manufacture of Cellulose Nano fiber | Banana Fibril Ventures | To be finalised | 15.00 |
| 15 | Automatic Concrete Block Manufacturing Unit | Tasa Blocks & Tiles | Kochi | 10.00 |
| 16 | Ready-to-Eat & Ready-to-Cook Food Items | Chandrakanth Enterprises | Panampassery, Kochi | 25.00 |
| 17 | Dairy farm & Meat processing unit | Idukki District Pravasi Cooperative Society | Idukki | 13.00 |
| 18 | Animal Husbandry, Agriculture & Floriculture Farms | Kamarudheen Aboobacker (Group of 25 NRIs from Gulf) | North Kerala (location not identified) | 6.00 |
| 19 | Integrated Dairy Farm | Palmount Farms India Ltd | Idukki/ EKM | 158.53 |
| | TOTAL | | | 20969.53 |

✓

[signature]
ജോയിന്റ് സെക്രട്ടറി